LIBRARY ARCHIVES Kerala Legislative Assembly

ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ

237 (1281) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രജിസ്ട്രേഷൻ വകുപ്പിൽ പുതിയ സാങ്കേതികവിദ്യ നടപ്പിലാക്കുന്നതോടെ നിലവിൽ ലൈസൻസെടുത്ത് പ്രവർത്തിച്ചുവരുന്നവരുടെ തൊഴിൽ ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) ലൈസൻസികൾക്ക് സർക്കാർ തലത്തിൽ ആവശ്യമായ കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) അഭിഭാഷകർ പ്രസ്തുത രംഗത്തേയ്ക്ക് കടന്നുവരുന്നതിനെതിരെയും , 2009-ലെ എഴുത്ത് ഫീസ് പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(ഡി) ആധാരങ്ങളിൽ കെട്ടിടങ്ങളുടെ വില കാണിക്കുന്നതിന് മാനദണ്ഡം ഉണ്ടാകുമോ ;

(ഇ) ആധാരത്തിൽ ഭൂമിയുടെ ഇന്നത്തെ കിടപ്പിന് അനുസരിച്ച് ക്ലാസിഫിക്കേഷൻ ചേർക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) രജിസ്ട്രേഷൻ വകുപ്പിൽ പുതിയ സാങ്കേതികവിദ്യ നടപ്പിലാക്കിയതുമൂലം രജിസ്ട്രേഷൻ നടപടിക്രമങ്ങളിൽ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ലാത്തതിനാൽ പുതിയ സാങ്കേതികവിദ്യ ആധാരമെഴുത്തുകാരുടെ തൊഴിലിനെ യാതൊരു വിധത്തിലും ബാധിക്കുന്നതല്ല.

(ബി) ലൈസൻസികൾക്ക് സർക്കാർതലത്തിൽ ആവശ്യമായ കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കും.

(സി) അഭിഭാഷകർ പ്രസ്തുത രംഗത്തേക്ക് കടന്നുവരുന്നതിനെ നിയന്ത്രിക്കാൻ നിയമാനുസൃതമായി സാധിക്കുന്നതല്ല. എഴുത്ത് ഫീസ് പരിഷ്കരിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ) ആധാരങ്ങളിൽ ഭൂമിയുടെ ഇനം/തരം എന്നിവ ചേർക്കുന്നത് സംബന്ധിച്ച നിലവിലുള്ള നിർദേശങ്ങളിൽ മാറ്റം വരുത്തുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.